ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 07.03.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1). പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ദാമൻ ദിയു, ദാദ്ര നാഗർ ഹവേലിയിൽ 2,587 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

Prime Minister Narendra Modi will inaugurate and lay the foundation stone for various projects worth 2,587 crore rupees at Silvasa in Daman Diu and Dadra Nagar Haveli.

2) 2027 ഓടെ രാജ്യത്തെ ജനൗഷധി കേന്ദ്രങ്ങളുടെ എണ്ണം 25,000 ആക്കി ഉയർത്തുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡ.

Union Government plans to open 25,000 Jan Aushadhi Kendras by March 31, 2027, across the country, says Union Health Minister J.P. Nadda.

3) ദ്വിരാഷ്ട്ര പര്യടനം തുടരുന്ന വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ ഐറിഷ് പ്രസിഡൻറ് മൈക്കിൾ ഡി ഹിഗിൻസുമായി കൂടിക്കാഴ്ച നടത്തി.

External Affairs Minister Dr. S. Jaishankar met with Irish President Michael D. Higgins.

4) രാജ്യത്തെ റോഡപകട നിരക്ക് 2030-ഓടെ പകുതിയാക്കി കുറയ്ക്കുമെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി.

Centre aims to reduce road accidents by 50 pc in 2030, next-gen safety must, says Union Minister Nitin Gadkari.

5) മലപ്പുറം താനൂരിൽ നിന്നും കാണാതായ പെൺകുട്ടികളെ പൂനെയിൽ നിന്നും കണ്ടെത്തി.

Two girls from Malappuram who went missing have been found in Pune.

6) ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, മുംബൈ സിറ്റിയെ നേരിടും.

Kerala Blasters will face Mumbai City in ISL football today.

==========================================================

**DAY PM – GUJARAT VISIT**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ഗുജറാത്ത്, ദാമൻ ദിയൂ, ദാദ്ര നാഗർ ഹവേലി സന്ദർശനത്തിന് ഇന്ന് തുടക്കം. സിൽവാസയിൽ 2,587 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും. സിൽവാസയിലെ നമോ ആശുപത്രി, ദിയു ഫോർട്ട് സർക്യൂട്ട് ഹൗസ്, നമോ സീ ഫ്രണ്ട് ടോയ് ട്രെയിൻ എന്നിവ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്ന പദ്ധതികളാണ്. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തേയും അദ്ദേഹം അഭിസംബോധന ചെയ്യും. പിന്നീട് ഗുജറാത്തിലേക്ക് തിരിക്കുന്ന പ്രധാനമന്ത്രി സൂറത്ത് ഭക്ഷ്യ സുരക്ഷ ക്യാമ്പയിന് തുടക്കം കുറിക്കും. അന്താരാഷ്ട്ര വനിതാദിനമായ നാളെ നവ്സാരിയിൽ നടക്കുന്ന ലാഖ്പതി ദീദി സമ്മേളനത്തിലും അദ്ദേഹം പങ്കെടുക്കും.

========================================================

**JP NADDA – (INTRO)**

15,000- ലേറെ ജനൗഷധി കേന്ദ്രങ്ങളിലൂടെ രാജ്യത്ത് 50 മുതൽ 90 ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ ലഭ്യമാക്കാൻ സാധിക്കുന്നതായി കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ. പത്ത് ലക്ഷത്തിലേറെ ജനങ്ങൾക്ക് ഇതിൻറെ പ്രയോജനം ലഭിക്കുന്നതായും ജനൗഷധി ദിവസുമായി ബന്ധപ്പെട്ട് നടത്തിയ വാർത്താ സമ്മേളനത്തിൽ മന്ത്രി വ്യക്തമാക്കി. 2,047 ഇനം മരുന്നുകളും, 300-ഓളം സർജിക്കൽ സാമഗ്രികളും പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്. 2027 ഓടെ രാജ്യത്തെ ജനൗഷധി കേന്ദ്രങ്ങളുടെ എണ്ണം 25,000 ആക്കി ഉയർത്തുമെന്നും ശ്രീ ജെ.പി നഡ്ഡ പറഞ്ഞു.

**(HOLD FOR BYTE........)**

പ്രധാൻമന്ത്രി ഭാരതീയ ജനൗഷധി പരിയോജനയെക്കുറിച്ച് അറിവ് പകരുന്നതിനും ജനറിക് മരുന്നുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് എല്ലാ വർഷവും മാർച്ച് 7

ജനൗഷധി ദിവസായി ആഘോഷിക്കുന്നത്. കുറഞ്ഞ ചെലവിൽ മരുന്നുകൾ ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി. ഒരു രൂപാ നിരക്കിൽ സാനിറ്ററി പാഡുകൾ ലഭ്യമാക്കുന്ന സുവിധാ സാനിറ്ററി നാപ്കിൻ സംരംഭവും ഇതിലൂടെ നടപ്പാക്കിയിട്ടുണ്ട്.

============================================================

## PM-JANAUSHADHI

ഗുണനിലവാരമുള്ള മരുന്നുകൾ താങ്ങാവുന്ന വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കി ആരോഗ്യമുള്ള ഇന്ത്യയെ കെട്ടിപ്പടുക്കാനുള്ള കേന്ദ്ര സർക്കാരിൻറെ പ്രതിബദ്ധതയാണ് ജൻ ഔഷധി സംരംഭത്തിൽ പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യയുടെ ജൻഔഷധി കേന്ദ്രങ്ങൾ ലോകത്തിന് തന്നെ മാതൃകയാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

============================================================

## GADKARI

റോഡപകടങ്ങൾ 2030-ഓടെ പകുതിയാക്കി കുറയ്ക്കുകയാണ് കേന്ദ്രസർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. രാജ്യത്തെ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ അടിയന്തരമായി മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും ന്യൂഡൽഹിയിൽ ഗ്ലോബൽ റോഡ് ഇൻഫ്രാടെക് സമ്മേളനത്തെ അഭിസംബോധന ചെയ്ത് അദ്ദേഹം പറഞ്ഞു. റോഡ് നിർമാണത്തിനായി സുസ്ഥിരവും, പുനരുപയോഗ സാധ്യവുമായ പദാർത്ഥങ്ങളുടെ ഉപയോഗം ഉറപ്പുവരുത്തണം. രാജ്യത്തെ റോഡപകട മരണങ്ങൾ ബഹുഭൂരിപക്ഷവും സംഭവിക്കുന്നത് 18-നും 45-നും ഇടയിൽ പ്രായമുള്ളവരിലാണെന്നും, ഇരുചക്രവാഹനക്കാരും, കാൽനട യാത്രക്കാരുമാണ് അപകടങ്ങളുടെ പ്രധാന ഇരകളെന്നും മന്ത്രി പറഞ്ഞു. ഇത് രാജ്യത്തിൻറെ ആഭ്യന്തര ഉത്പാദനത്തിൽ

3 ശതമാനം നഷ്ടത്തിന് കാരണമാകുന്നതായും ശ്രീ ഗഡ്കരി വ്യക്തമാക്കി.

==========================================================

**REV. DAY CISF - AMIT SHAH (INTRO)**

2027 ഓടെ ഇന്ത്യയെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയാക്കി മാറ്റാൻ നരേന്ദ്രമോദി സർക്കാരിന് സാധിക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. തമിഴ്നാട്ടിലെ തക്കോലത്ത് സിഐഎസ്എഫിന്റെ 56-ാമത് സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. രാജ്യ വികസനത്തിനും രാജ്യത്തെ ജനങ്ങളെ സംരക്ഷിക്കുന്നതിനും സിഐഎസ്എഫ് നിർണായക സംഭാവന നൽകുന്നതായും അദ്ദേഹം പറഞ്ഞു. രാജ്യത്തെ 250 തുറമുഖങ്ങളുടെ സംരക്ഷണം സിഐഎസ്എഫിനെ ഏൽപ്പിക്കുമെന്നും ശ്രീ അമിത് ഷാ വ്യക്തമാക്കി.

**(HOLD FOR BYTE.........)**

==========================================================

**JAISHANKAR-IRELAND VISIT**

വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ ഐറിഷ് പ്രസിഡൻറ് മൈക്കിൾ ഡി ഹിഗിൻസുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ- ഐയർലാൻഡ് ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച നടന്നതായി ശ്രീ ജയ് ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് ഐറിഷ് ഉന്നത നേതാക്കൾ നൽകുന്ന പിന്തുണയ്ക്കും അദ്ദേഹം നന്ദി അറിയിച്ചു.

==========================================================

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

==========================================================

**MALAPPURAM GIRLS**

മലപ്പുറം താനൂരിൽ നിന്നും കാണാതായ രണ്ട് പെൺകുട്ടികളെ പൂനെയിൽ നിന്നും കണ്ടെത്തി. ലോണാവാല സ്റ്റേഷനിൽ നിന്നാണ് ഇവരെ കണ്ടെത്തിയത്. പെൺകുട്ടികളുമായി കേരള പോലീസ് വൈകിട്ടോടെ കേരളത്തിലേയ്ക്ക് യാത്ര തിരിക്കും. നിലവിൽ കെയർ ഹോമിലാണ് കുട്ടികൾ ഉള്ളത്. താനൂർ ദേവദാർ സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥികളെയാണ് കഴിഞ്ഞ ദിവസം കാണാതായത്. ഫോൺ ലൊക്കേഷനും, സിം വിവരങ്ങളുമാണ് അന്വേഷണത്തിൽ നിർണായകമായതെന്ന് മലപ്പുറം എസ് പി, ആർ വിശ്വനാഥ് പറഞ്ഞു.

==========================================================

**PREZ – WOMEN S DAY**

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് നാളെ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ദേശീയ സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും. '**നാരീശക്തിയിലൂടെ വികസിതഭാരതം**' എന്നതാണ് പരിപാടിയുടെ പ്രമേയം. വനിതാ ശിശു വികസന മന്ത്രാലയമാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

==========================================================

**PM– AWARD**

ഓണററി ഓർഡർ ഓഫ് ഫ്രീഡം ഓഫ് ബാർബഡോസ് പുരസ്കാരം നൽകിയതിൽ, ബാർബഡോസ് സർക്കാരിനും, ജനങ്ങൾക്കും നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. 140 കോടി ജനങ്ങൾക്കും ഇന്ത്യ-ബാർബഡോസ് ബന്ധത്തിനുമായി അവാർഡ് സമർപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. കോവിഡ് മഹാമാരി സമയത്തെ നയതന്ത്ര ബന്ധത്തിനും പിന്തുണയ്ക്കുമാണ് പുരസ്കാരം.

==========================================================

**MYSURU RADIO**

മൈസുരു ആകാശവാണി നിലയം ഇന്ന് 90-ആം വാർഷികം ആഘോഷിക്കുന്നു. ആകാശവാണി ഡയറക്ടർ ജനറൽ പ്രഗ്യ പലിവാൾ ഗൗർ ആഘോഷപരിപാടികളുടെ ഉദ്ഘാടനം നിർവഹിക്കും. 1935-ൽ നാട്ടുരാജ്യമായിരിക്കേയാണ് മൈസുരുവിൽ റേഡിയോ നിലയം സ്ഥാപിതമാകുന്നത്.

================================================================

**FOOTBALL – ISL**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, മുംബൈ സിറ്റിയെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം . ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് എഫ്.സി, ഹൈദരാബാദിനെ 3-1 ന് പരാജയപ്പെടുത്തി.

================================================================

**CRICKET – WPL**

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയന്റ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ലഖ്നൗവിൽ, രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് യു.പി വാരിയേഴ്സിനെ 6 വിക്കറ്റിന് പരാജയപ്പെടുത്തി.

================================================================

**SUNIL CHHETRI**

ഇന്ത്യൻ ഫുട്ബോൾ ടീം മുൻ ക്യാപ്റ്റൻ സുനിൽ ഛേത്രി ദേശീയ ടീമിലേക്ക് തിരിച്ചെത്തുമെന്ന് അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ. ഈ മാസം 19- ന് ഷില്ലോങ്ങിൽ നടക്കുന്ന മാലിദ്വീപിനെതിരായ ഇന്ത്യ സൗഹൃദ മത്സരത്തിൽ അദ്ദേഹം കളിക്കും. കഴിഞ്ഞ ജൂണിൽ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് സുനിൽ ഛേത്രി വിരമിക്കൽ പ്രഖ്യാപിച്ചിരുന്നു.

================================================================

## SPACEX EXPLOSION

എലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്പേസ് എക്സ് വിക്ഷേപിച്ച സ്റ്റാർഷിപ്പ് റോക്കറ്റ് പൊട്ടിത്തെറിച്ചു. ദൗത്യത്തിൻറെ ഈ വർഷം തന്നെയുള്ള തുടർച്ചയായ രണ്ടാം പരാജയമാണിത്. 403 അടി ഉയരമുള്ള റോക്കറ്റ് ടെക്സാസിൽ നിന്ന് ഇന്ന് പുലർച്ചെ വിക്ഷേപിച്ച് മിനിറ്റുകൾക്കുള്ളിൽ നിയന്ത്രണം നഷ്ടപ്പെടുകയായിരുന്നു. സൗത്ത് ഫ്ലോറിഡയിലും ബഹാമാസിലും അവശിഷ്ടങ്ങൾ പതിച്ചിട്ടുണ്ട്.

==========================================================

## TRUMP MEXICO

മെക്സിക്കോയ്ക്കും, കാനഡയ്ക്കും മേൽ അധിക തീരുവ ചുമത്താനുള്ള തീരുമാനം ഒരു മാസം കൂടി ദീർഘിപ്പിച്ച് അമേരിക്ക. മെക്സിക്കൻ പ്രസിഡൻറ് ക്ലോഡിയ ഷെയിൻബാമുമായി യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് നടത്തിയ സംഭാഷണത്തെ തുടർന്നാണ് തീരുമാനം.

==========================================================

## US-DETENTION

നാടുകടത്തൽ നടപടി നേരിടുന്ന അനധികൃത കുടിയേറ്റക്കാരെ താമസിപ്പിക്കുന്നതിന് സൗത്ത് ടെക്സാസിലെ ഫാമിലി റസിഡൻഷ്യൽ സെൻറർ വീണ്ടും തുറക്കാൻ തീരുമാനിച്ച് ട്രംപ് ഭരണകൂടം. . 2,400 മുതിർന്നവരേയും കുട്ടികളേയുമാണ് ഇവിടെ താമസിപ്പിക്കാൻ സാധിക്കുക. അനധികൃത കുടിയേറ്റം സംബന്ധിച്ച കർശന നടപടികൾ ട്രംപ് ഭരണകൂടം തുടരുമെന്നതിന്റെ സൂചനയാണ് ഈ തീരുമാനം.

==========================================================

## THAHAVOOR RAANA – MUMBAI TERRORIST

2008 മുംബൈ ഭീകരാക്രമണ കേസ് പ്രതി തഹാവൂർ റാണയെ ഇന്ത്യയ്ക്ക് കൈമാറുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി യു.എസ് സുപ്രീം കോടതി തള്ളി. പാകിസ്ഥാൻ വംശജനായ കനേഡിയൻ പൗരൻ തഹാവൂർ റാണ നടപടിയിൽ സ്റ്റേ ആവശ്യപ്പെട്ട് അടിയന്തര അപേക്ഷ സമർപ്പിച്ചിരുന്നു. ഇന്ത്യയ്ക്ക് കൈമാറുന്നത് യു.എസ് നിയമത്തിൻറെയും യുഎൻ കൺവെൻഷൻറെയും ലംഘനമാണെന്നാണ് ഹർജിയിലെ വാദം.

==========================================================

## HEAT KERALA

സംസ്ഥാനത്ത് കനത്ത ചൂടിന് ശമനമില്ല. തൃശൂർ, പാലക്കാട് ജില്ലകളിൽ ഇന്നും നാളെയും താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 37°C വരെയും ആലപ്പുഴ, മലപ്പുറം ജില്ലകളിൽ 36°C വരെയും താപനില ഉയരാൻ സാധ്യതയുണ്ട്. സംസ്ഥാനത്ത് പകൽ 10 മുതൽ 3 മണി വരെ ഉയർന്ന അൾട്രാ വയലറ്റ് സൂചിക രേഖപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ 24 മണിക്കൂറിനിടെ ഏറ്റവും കൂടുതൽ U.V രശ്മികൾ പതിച്ചത് കൊല്ലം, കൊട്ടാരക്കരയിലാണ്. ഇവിടെ ഓറഞ്ച് അലെർട്ടാണ്.

==========================

======================================

==========================================================